(എഫ്) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി ഈ പാലത്തിന്റെ പണി പൂർത്തിയാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 20.12.1994-ൽ

(ബി) പശ്ചിമഘട്ട വികസന പരിപാടിയിൽ (വെസ്റ്റേൺ ഗട്ട് ഡെവലപ്മെന്റ് പ്രോഗ്രാം) ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണപ്രവർത്തനം നടത്തുന്നത്.

(സി) 4 ലക്ഷം രൂപ.

(ഡി) 7.3.95-ൽ പ്രസ്തുത പണിയുടെ കൺവീനർ 1,49,504 രൂപയുടെ പാർട്ട്ബിൽ കൈപ്പറ്റിയതിനുശേഷം യാതൊരു കാരണവും കൂടാതെ പണി ഉപേക്ഷിച്ചു പോയതാണ് പണി മുടങ്ങുവാൻ കാരണം.

(ഇ) ഉണ്ട്.

(എഫ്) പ്രസ്തുത നിവേദനത്തിൻമേൽ കൊല്ലം ജില്ല ഗ്രാമവികസന ഏജൻസി പ്രോജക്ട് ഓഫീസർ നൽകിയ റിപ്പോർട്ട് പരിശോധിക്കുകയും കൂടുതൽ വിശദീകരണം നൽകുവാനായി പ്രോജക്ട് ഓഫീസറോട് ആവശ്യപ്പെട്ടിരിക്കയുമാണ്.

(ജി) പാലംപണി പൂർത്തിയാക്കുന്നതിനായി ഗ്രാമവികസന വകുപ്പിന് പ്രത്യേകമായ പദ്ധതികളൊന്നുമില്ല. അഞ്ചൽ ബ്ലോക്കിന്റെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പണി പൂർത്തീകരിക്കുന്ന കാര്യം ബ്ലോക്ക് പഞ്ചായത്തിന് പരിഗണിക്കാവുന്നതാണ്.

23 (3476) കൊയിലാണ്ടി മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി, പയ്യോളി, തുറയൂർ, കീഴരിയൂർ ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ ഉറപ്പുപദ്ധതിയിൽ എതെല്ലാം പ്രവൃത്തികൾ കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ പൂർത്തിയായിട്ടുണ്ട്;

(ബി) പൂർത്തിയാക്കാത്ത പദ്ധതികൾ ഏതെല്ലാം;

(സി) ആകെ എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ പൂർത്തീകരിച്ച പദ്ധതികളുടേയും പൂർത്തീകരിക്കാത്ത പദ്ധതികളുടേയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 1,27,60,443 രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

24 (3477) നബാർഡ് സഹായത്തോടെ റോഡ് നിർമ്മാണം

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം ബ്ലോക്കിൽ ആർ.ഐ.ഡി.എഫ്. 4 അനുസരിച്ച് നബാർഡ് ഏതെങ്കിലും റോഡ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടങ്കൽത്തുക എത്രയാണ്;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ഡി) കേരള സർക്കാർ നബാർഡിലേക്ക് വർക്കുകൾ ശുപാർശ ചെയ്യുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്;

(ഇ) പ്രസ്തുത റോഡ് നബാർഡിലേക്ക് ശുപാർശ ചെയ്തിട്ടുള്ളത് ബ്ലോക്കു പഞ്ചായത്തിന്റെ എന്നു ചേർന്ന യോഗമാണ്; തീരുമാന നമ്പർ എത്രയാണ്;

(എഫ്) ഒറ്റ റോഡു മാത്രമാണോ പ്രസ്തുത യോഗത്തിൽവച്ച് തീരുമാനിച്ചത്;

(ജി) നബാർഡിലേക്ക് പ്രസ്തുത റോഡ് വർക്ക് ശുപാർശ ചെയ്തത് സെക്രട്ടേറിയറ്റിലെ ഏതെല്ലാം വകുപ്പുകൾ മുഖേനയാണ്;

(എച്ച്) എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയാണോ പ്രസ്തുത ഫയൽ അയച്ചത്;

(ഐ) അല്ലെങ്കിൽ അതു സംബന്ധിച്ച് അന്വേഷിക്കുമോ;

(ജെ) നബാർഡിന്റെ എന്നുചേർന്ന യോഗത്തിൽ വച്ചാണ് പ്രസ്തുത റോഡിന് അനുമതി നൽകിയത്; വിശദാംശങ്ങൾ നൽകുമോ;

(കെ) പ്രസ്തുത റോഡുപണി നടപടിക്രമം പാലിക്കാതെ അനുവദിച്ചു എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 49.73 ലക്ഷം രൂപ

(സി) നിർമ്മാണം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിശ്ചിത ഫാറത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി അനുബന്ധങ്ങളുമായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ വിശദമായ പരിശോധനയ്ക്കു ശേഷം നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. 8 മീറ്റർ വീതിയു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly